

WEDNESDAY 27.12.2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor : ASA S KUMAR** **Editor : Dr. BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/12/2023

1. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ക്ഷീരസാന്ത്വനം ഇൻഷുറൻസ് എൻറോൾമെന്റ് ആരംഭിച്ചു. ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ 80 വയസ് വരെയുള്ള ക്ഷീരകർഷകർക്ക് സബ്സിഡിയോടു കൂടി പദ്ധതിയിൽ പങ്കാളികളാകാം. ആദ്യം ചേരുന്ന 22,000 ക്ഷേമനിധി അംഗങ്ങൾക്ക് മാത്രമെ സബ്സിഡി ലഭിക്കുകയുള്ളു. അവസാന തീയതി ഈ മാസം 31. വിശദവിവരങ്ങൾക്ക് ക്ഷീരവികസന ഓഫിസുകളുമായോ ക്ഷീരസഹകരണ സംഘങ്ങളുമായോ ബന്ധപ്പെടുക.

2. വാഴ കർഷകരുടെ ഉന്നമനത്തിനായി തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ ആരംഭിച്ച വാഴ ഗവേഷണ കേന്ദ്രത്തിന്റെ വജ്ര ജൂബിലി ആഘോഷം 2023 ഡിസംബർ 29 ആം തീയതി രാവിലെ 11:30-ന് കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ബി അശോക് ഐഎഎസ് ന്റെ അധ്യക്ഷതയിൽ റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യുന്നതാണ്. വജ്ര ജൂബിലി സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി വാഴയുടെ ജൈവവൈവിധ്യപ്രദർശനം, സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, തുടങ്ങിയവ സംഘടിപ്പിക്കുന്നു. പ്രദർശന തോട്ടങ്ങൾ, ബനാന മ്യൂസിയം, വാഴയുടെ സംസ്കരണ യൂണിറ്റ്, വാഴയുടെ ജനിതകശേഖരം, എന്നിവ സന്ദർശിക്കുന്നതിനു സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

3. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ സംരംഭകരാക്കുന്നതിന് സംസ്ഥാന ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന 'സാഫ് പദ്ധതി' (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൻ) യിലേക്ക് ഇടുക്കി ജില്ലയിൽ നിന്നും അപേക്ഷ

ക്ഷണിച്ചു. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ബേക്കറി, പലചരക്ക് കട, കോൾഡ് സ്റ്റോറേജ്, കാലിവളർത്തൽ, മെഡിക്കൽ ലാബ്, ഹോട്ടൽ, കാറ്ററിങ് തുടങ്ങി ഒട്ടേറെ തൊഴിൽ മേഖലകളിൽ സംരഭകരാകുന്നതിന് വനിതകൾക്ക് വകുപ്പ് തല ധനസഹായത്തിന് പുറമേ കേരളാബാങ്ക് വായ്പയും പദ്ധതിപ്രകാരം ലഭ്യമാക്കും. രണ്ടുപേർ മുതൽ അഞ്ചുപേർ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ധനസഹായം ലഭിക്കുക. ഒരംഗത്തിന് ഒരു ലക്ഷം രൂപ വകുപ്പുതല ധനസാഹയവും പദ്ധതി റിപ്പോർട്ട് പ്രകാരം 20 ശതമാനം ബാങ്ക് വായ്പയും അഞ്ച് ശതമാനം ഗുണഭോക്തൃവിഹിതവും ലഭിക്കും. സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കി, പൈനാവ് പി.ഒ., പിൻ 685603 വിലാസത്തിൽ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 04862 233226 ഇ മെയിൽ: adidkfisheries@gmail.com.

4. കേരള അഗ്രോ ഇൻഡസ്ട്രിസ് കോർപ്പറേഷന്റെ കിഴക്കേക്കോട്ടയിലുള്ള അഗ്രോ സൂപ്പർ ബസാറിൽ കാർഷിക ഉത്പന്നങ്ങളും,. കാർഷികയന്ത്രങ്ങളും സ്റ്റോക്ക് ക്ലിയറൻസിന്റെ ഭാഗമായി വമ്പിച്ച വിലക്കുറവിൽ വിറ്റഴിക്കുന്നു. ഡിസംബർ 20 മുതൽ മെഗാ ഡിസ്കൗണ്ട് മേള ആഗ്രോ സൂപ്പർ ബസാറിൽ ആരംഭിച്ചിരിക്കുന്നു. 70% വരെ വിലക്കുറവിൽ കാർഷിക ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. ഈ അവസരം കർഷകർ പരമാവധി പ്രയോജനപ്പെടുത്തി കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സ്വന്തമാക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9562941221, 9048920261** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

5. കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും 2024 ജനുവരി 8 മുതൽ 25 വരെ

നഴ്സറി ടെക്നിക്സ് (Nursery Techniques) എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.പച്ചക്കറി, പഴവർഗ്ഗ അലങ്കാരചെടികളിലെ തൈ ഉത്പാദനം, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ്, കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. ഒരു ബാച്ചിൽ 20 പേർക്ക് അവസരം ലഭിക്കും. പരിശീലന ഫീസ് 2,000/ രൂപ. താത്പര്യമുള്ളവർ **8077268538** എന്ന ഫോൺ നമ്പരിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

6. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് 2024 ജനുവരി മാസം 09, 10 തീയതികളിൽ പന്നി വളർത്തലിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ള കർഷകർ **04829 234323** എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡിന്റെ രണ്ട് ബാച്ചുകളുടെ തെങ്ങുകയറ്റ പരിശീലനം കാർഷിക വികസന കർഷക ക്ഷേ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്ന റിസർച്ച് ടെസ്റ്റിംഗ് & ട്രെയ്നിംഗ് സെന്ററിൽ വച്ച് **2024 ജനുവരി 29 മുതൽ ഫെബ്രുവരി 3 വരെയും ഫെബ്രുവരി 12 മുതൽ 17 വരെയും** തീയതികളിൽ നടത്തപ്പെടുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നുള്ളവർക്ക് പരിശീലനത്തിന് പങ്കെടുക്കാം. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2024 ജനുവരി 9-ന് തിരുവനന്തപുരം, വെള്ളായണി, ആർ.ടി.ടി സെന്റിൽ രാവിലെ 10 മണിക്കും വൈകിട്ട് 5-നും ഇടയ്ക്ക് നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വർക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2481763, 9383470314** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന കേന്ദ്രത്തിൽ 2024 ജനുവരി 08,09 തീയതികളിൽ. ആട് വളർത്തൽ, 24-ന് പോത്തുകുട്ടി വളർത്തൽ, 29-ന് മുയൽ വളർത്തൽ എന്നീ വിഷയങ്ങളിൽ സൗജന്യപരിശീലനം നൽകുന്നു. പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും **0479 2457778, 0479 2452277, 8590798131** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

9. കേരള കാർഷിക സർവ്വകലാശാല ഇപഠന കേന്ദ്രം "ലാൻഡ്സ്കേപ്പിംഗ്" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ജനുവരി മാസം 11 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ജനുവരി 10 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 22 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ജനുവരി 11 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സവേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.